പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3489

19.10.2016 ന് മറുപടിയ്ക്ക്.

# ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്ന ഐ.ടി.ഐ.കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ.കൾ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) ഉണ്ട്. 2016-2017 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഐ.ടി.ഐകളുടെ നവീകരണം, പദവി ഉയർത്തൽ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതിൽ ചാക്ക, കോഴിക്കോട് എന്നീ ഐ.ടി.ഐ.കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുള്ള ചെലവ് വ്യാവസായിക പരിശീലന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവാക്കാനുള്ള ശിപാർശ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കൂടാതെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 10 ഐ.ടി.ഐ. കൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന തിനുവേണ്ടി 50 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന ധനസഹായം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പ്രസ്തുത പദ്ധതി സംബന്ധിച്ച കൺസെപ്റ്റ് നോട്ട്/പ്രോജക്ട് അസെസ്സ്മെന്റ് എന്നിവ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ വെബ്പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. |
| (ബി) അടിസ്ഥാന സൗകര്യം ലഭ്യ മായിട്ടുള്ള മാടായി ഐ. ടി. ഐ. ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തു ന്നതിന് തിരഞ്ഞെടുത്ത 10 ഐ.ടി.ഐ. കളിൽ മാടായി ഐ.ടി.ഐ. ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ